പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *225 | 06.02.2018 ന് മറുപടിയ്ക്ക്.

## കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനം

*ചോദ്യം* | *ഉത്തരം*

ശ്രീ.കെ.ഡി. പ്രസേനൻ

,, റ്റി.വി.രാജേഷ്

,, പ്രൊഫ.കെ.യു. അരുണൻ

,, ശ്രീമതി.വീണാ ജോർജ്ജ് :

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ആരംഭിച്ച കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ; എത്ര പേർക്ക് ഇതുവഴി പ്രയോജനം ലഭിച്ചിട്ടുണ്ട്; | (എ) ഇന്ത്യയിലാദ്യമായി നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ്, ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് സെൽ, പ്രാഥമിക ഐ.ടി പരിശീലനം, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, ബേസിക് ആപ്റ്റിട്യൂഡ് പരിശീലനം എന്നിവയാണ് നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ. കൗശൽ കേന്ദ്രങ്ങളിൽ (December 2017 വരെ) വിവിധ കോഴ്സുകളിൽ പരിശീലനം നേടിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| കൗശൽ കേന്ദ്ര | പരിശീലനം നേടിയവർ |
|---|---|
| കൊല്ലം | 3156 |
| കോഴിക്കോട് | 3098 |
| പാലക്കാട് | 1385 |
| ആകെ | **7639** |

| | |
|---|---|
| (ബി) അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കാൻ തൊഴിലന്വേഷകരെ പ്രാപ്തരാക്കാനായി എംപ്ലോയബിലിറ്റി സെന്ററുകൾക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് | (ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ |

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ; | എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പ്രവർത്തനം നടത്തി വരുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകി തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റി, അഭിരുചിക്കനുസരിച്ച തൊഴിൽ നേടിയെടുക്കു വാൻ തൊഴിലന്വേഷകരെ പ്രാപ്തരാക്കി വരുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br>ടി സെന്ററുകളിൽ നാളിതുവരെയായി 1,13,690 പേർ രജിസ്റ്റർ ചെയ്യുകയും അതിൽ 71,762 പേരെ അസ്സെസ്സ് ചെയ്യുകയും 69,795 പേർക്ക് നൈപുണ്യ പരിശീലനം നൽകി വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ തൊഴിലന്വേഷകർക്ക് ഏതു വിധത്തിലുള്ള സേവനങ്ങളാണ് നൽകി വരുന്നത്; ഇത്തരം സെന്ററുകൾ കൂടുതലായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (സി) ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഇതിലൂടെ വിവിധ സേവനങ്ങളായ കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിങ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, വിവിധ മത്സര പരീക്ഷ പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തി വരുന്നു. ഗ്രാമീണ മേഖലയിലെ ഉദ്യോഗാർഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണത കളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും |

| | |
|---|---|
| | നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്ന പ്രവർത്തനവും നടന്നു വരുന്നു. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും, പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ ടി സെന്റർ ഉടൻ പ്രവർത്തന സജ്ജമാകുന്നതാണ്. ഇത്തരം സെന്ററുകൾ ഘട്ടം ഘട്ടമായി, സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. |

Bindu

സെക്ഷൻ ഓഫീസർ